പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

അയ്യൻകാളി ഭവൻ - നാലാം നില, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം - 695 003

ഫോൺ : 0471 2727378, ഫാക്സ് : 0471 2727379, email : obcprematric@gmail.com

**BCDD/A3/423/13** തീയതി :10/01/2014

# സർക്കുലർ

**വിഷയം : ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ് 2013-14 - അപേക്ഷകർക്കും സ്കൂൾ അധികൃതർക്കും ഉള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച്**

**സൂചന : സ.ഉ(സാധാ) 1616/2012/പി.സ.വി.വ തീയതി 18.12.12**

അൻപത് ശതമാനം കേന്ദ്ര സഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കുന്ന ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പിന്(2013...14) അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർക്കും, സ്കൂൾ അധികൃതർക്കും ഉള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

***അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ***

1. സംസ്ഥാനത്തെ സർക്കാർ/സർക്കാർ എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന പിന്നാക്ക സമുദായങ്ങളിൽ (ഒ.ബി.സി) ഉൾപ്പെട്ട വിദ്യാർത്ഥികളാണ് അപേക്ഷ സമർപ്പിക്കേണ്ടത്.
2. ന്യൂനപക്ഷ സ്കോളർഷിപ്പിന് പരിഗണിക്കുന്നതിനാൽ ന്യൂനപക്ഷ വിഭാഗങ്ങളും, പട്ടികജാതി വികസന വകുപ്പ് വഴി ആനുകൂല്യം അനുവദിക്കുന്നതിനാൽ ഒ.ഇ.സി വിഭാഗം വിദ്യാർത്ഥികളും ഈ പദ്ധതി പ്രകാരം അപേക്ഷിക്കേണ്ടതില്ല.
3. ഒരു കുടുംബത്തിലെ പരമാവധി 2 കുട്ടികൾ മാത്രമേ അപേക്ഷിക്കുവാൻ പാടുള്ളൂ. ഏത് വകുപ്പ് വഴി സ്കോളർഷിപ്പ് ലഭിക്കുന്നവരായാലും ഒരു കുടുംബത്തിൽ ആകെ 2 പേർക്ക് മാത്രമേ അർഹതയുള്ളൂ.
4. രക്ഷിതാവിന്റെ വാർഷിക വരുമാനം 44,500 രൂപയിൽ അധികരിക്കരുത്.
5. പ്രവേശന സമയത്ത് ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ലാത്തവരും പിന്നീട് മതപരിവർത്തനം നടത്തിയിട്ടുള്ളവരും പ്രധാനാധ്യാപകൻ ആവശ്യപ്പെടുന്നവരും, ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
6. മുൻ വർഷത്തെ വാർഷികപ്പരീക്ഷയിൽ 50% ൽ കുറയാത്ത സ്കോർ/ഗ്രേഡ് കരസ്ഥമാക്കിയിരിക്കണം. (ഒന്നാം ക്ലാസ്സിലെ കുട്ടികൾക്ക് മാർക്ക് നിബന്ധന ബാധകമല്ല)
7. നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫാറം പൂരിപ്പിച്ച് സ്കൂൾ പ്രധാനാധ്യാപകനെ ഏൽപ്പിക്കേണ്ടതാണ്.
8. 2013-14 വർഷത്തേക്കുള്ള അപേക്ഷാഫാറത്തിന്റെ മാതൃക **www.bcdd.kerala.gov.in, www.scholarship.itschool.gov.in** എന്നീ വെബ് സൈറ്റുകളിലും, എല്ലാ സ്കൂളുകളിലും ലഭ്യമാണ്. (ഫോട്ടോസ്റ്റാറ്റ് കോപ്പി ഉപയോഗിക്കാവുന്നതാണ്)

9. നിർദ്ദേശങ്ങൾ പൂർണമായി വായിച്ചതിനു ശേഷം മാത്രം അപേക്ഷാഫാറം പൂരിപ്പിക്കേണ്ടതാണ്. ആവശ്യമെങ്കിൽ അദ്ധ്യാപകരുടെ സഹായം തേടാവുന്നതാണ്.
10. മുൻവർഷം സ്കോളർഷിപ്പ് ലഭിച്ചവർ RENEWAL എന്ന കോളം നിർബന്ധമായും മാർക്ക് ചെയ്യേണ്ടതാണ്.
11. വാർഷിക വരുമാനം സംബന്ധിച്ച സത്യപ്രസ്താവന അപേക്ഷാഫാറത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിൽ രക്ഷിതാവിന്റെ ഒപ്പ് നിർബന്ധമായും ഉണ്ടായിരിക്കണം. (മുദ്രപ്പത്രം ആവശ്യമില്ല)
12. രക്ഷിതാക്കൾ സർക്കാർ ഉദ്യോഗസ്ഥരാണെങ്കിൽ സാലറി സർട്ടിഫിക്കറ്റ് കൂടി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
13. **അപേക്ഷകന് യു.ഐ.ഡി ,ബാങ്ക് അക്കൗണ്ട് എന്നിവ ഉണ്ടെങ്കിൽ അത് സംബന്ധിച്ച വിവരങ്ങൾ അപേക്ഷാഫാറത്തിൽ രേഖപ്പെടുത്തുക. ഈ ആവശ്യത്തിലേക്കായി ബാങ്ക് അക്കൗണ്ട് നിർബന്ധമല്ല.**
14. പൂരിപ്പിച്ച അപേക്ഷകൾ സ്കൂൾ പ്രധാനാധ്യാപകനെ ഏൽപ്പിക്കേണ്ടതാണ്.
15. അപേക്ഷകൾ സ്ഥാപനങ്ങളിൽ സ്വീകരിക്കുന്ന അവസാനതീയതി 28.01.2014 ആണ്.
16. അവസാന തീയതിക്കുശേഷം ലഭിക്കുന്നതോ അപൂർണമോ ആയ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

***സ്കൂൾ അധികൃതർക്കുള്ള നിർദ്ദേശങ്ങൾ***

1. അപേക്ഷാഫാറത്തിന്റെ മാതൃക നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്. എല്ലാ ക്ലാസ്സുകളിലും പദ്ധതി സംബന്ധിച്ച അറിയിപ്പ് നൽകേണ്ടതാണ്.
2. ആവശ്യമെങ്കിൽ ഫാറം പൂരിപ്പിക്കുന്നതിന് വിദ്യാർത്ഥികളെ സഹായിക്കുവാൻ അധ്യാപകർക്ക് നിർദ്ദേശം നൽകേണ്ടതാണ്.
3. പൂരിപ്പിച്ച അപേക്ഷകൾ ***28.01.2014 ന് വൈകിട്ട് 4 മണി*** വരെ സ്കൂളിൽ സ്വീകരിക്കാവുന്നതാണ്.
4. 2012-13 ൽ സ്കോളർഷിപ്പ് ലഭ്യമായ, 50% ൽ കൂടുതൽ മാർക്ക് കരസ്ഥമാക്കിയവരുമായ എല്ലാ വിദ്യാർത്ഥികളും റിന്യൂവൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട് എന്ന് സ്കൂൾ അധികൃതർ ഉറപ്പാക്കേണ്ടതാണ്.
5. ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ പൂർണമായും ശരിയാണ് എന്ന് ഉറപ്പു വരുത്തേണ്ടത് പ്രധാനാധ്യാപകരുടെ ചുമതലയാണ്.
6. മാർക്ക്/ഗ്രേഡ് ശതമാനം, ജനനതീയതി തുടങ്ങിയ വിവരങ്ങൾ സ്കൂൾ രേഖകളുമായി ഒത്തുനോക്കേണ്ടതാണ്. ജാതി/ രക്ഷിതാവിന്റെ വാർഷിക വരുമാനം സംബന്ധിച്ച് സംശയമുണ്ടെങ്കിൽ റവന്യൂ അധികാരിയിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ആവശ്യപ്പെടാവുന്നതാണ്.

7. ലഭ്യമാകുന്ന അപേക്ഷകരുടെ വിവരങ്ങൾ www.bcdd.kerala.gov.in എന്ന സ്കോളർഷിപ്പ് പോർട്ടൽ വഴി ഓൺലൈൻ ആയിട്ടാണ് ഈ ആഫീസിന് ലഭ്യമാക്കേണ്ടത്. **2014 ജനുവരി 15 മുതൽ 31 വരെ** ഡാറ്റാ എൻട്രി നടത്താവുന്നതാണ്. ഇതു സംബന്ധിച്ച ഗൈഡ്‌ലൈൻസ് ഇതേ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.
8. **സ്കോളർഷിപ്പ് തുക സ്ഥാപനങ്ങളുടെ ഔദ്യോഗിക ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതാണ്. ആയതിനാൽ ഇത് സംബന്ധിച്ച വിവരങ്ങൾ സ്കോളർഷിപ്പ് പോർട്ടലിൽ എന്റർ ചെയ്യുന്നതിലെ കൃത്യതയിൽ പ്രധാനാധ്യാപകർ വ്യക്തിപരമായ ശ്രദ്ധ ചെലുത്തേണ്ടതാണ്. രേഖപ്പെടുത്തുന്ന അക്കൗണ്ടിൽ ഒരു തവണയെങ്കിലും ട്രാൻസാക്ഷൻ നടത്തിയിട്ടുണ്ടെന്നും, അക്കൗണ്ട് ലൈവ് ആണെന്നും ഉറപ്പാക്കേണ്ടതാണ്.**
9. **സമാനരീതിയിലുള്ള പ്രീമെട്രിക് സ്കോളർഷിപ്പുകൾക്ക് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ അപേക്ഷകൾ സ്വീകരിക്കേണ്ടതില്ല. യാതൊരു കാരണവശാലും ഒരേ വിദ്യാർത്ഥിക്ക് ഒന്നിലധികം സ്കോളർഷിപ്പുകൾ അനുവദിക്കാൻ പാടില്ല എന്ന വിവരം സ്കൂൾ പ്രധാനാധ്യാപകൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പല സ്കോളർഷിപ്പുകൾക്ക് അപേക്ഷിക്കുകയും അനുവദിച്ച ശേഷം ഇഷ്ടമില്ലാത്തത് തിരിച്ചടക്കുകയും ചെയ്യുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്. ഈ പദ്ധതി പ്രകാരം അനുവദിക്കുന്ന തുക തിരിച്ചടക്കുന്നതിനുള്ള സംവിധാനം ഉണ്ടായിരിക്കുന്നതല്ല.**

**ഡയറക്ടർ**
**പിന്നാക്ക സമുദായ വികസന വകുപ്പ്**

**പകർപ്പ് :**

ഗവ. പ്രിൻസിപ്പൽ സെക്രട്ടറി, പിന്നാക്ക സമുദായ വികസന വകുപ്പ്
ഡയറക്ടർ , പൊതുവിദ്യാഭ്യാസ വകുപ്പ്
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി.@ സ്കൂൾ
പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ/ഡെപ്യൂട്ടി ഡയറക്ടർ
എല്ലാ ഡി.ഡി/ഡി.ഇ.ഒ/എ.ഇ.ഒ മാർക്ക്
എല്ലാ സർക്കാർ/എയ്ഡഡ് സ്കൂൾ പ്രധാനാധ്യാപകർക്ക്
ജില്ലാ/ബ്ലോക്ക് പട്ടികജാതി വികസന ആഫീസർമാർക്ക്
കരുതൽ/അധികം

**പി.വി.എസ് 23.10.2013**